# മഹാത്മാഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298

2021 നവംബർ 16

# വാർത്താക്കുറിപ്പ്

## ചാൻസലേഴ്സ് അവാർഡ് മൂന്നാം വട്ടവും സ്വന്തമാക്കി മഹാത്മാഗാന്ധി സർവകലാശാല

സംസ്ഥാനത്തെ മികച്ച സർവകലാശാലക്കുള്ള 2020ലെ ചാൻസലേഴ്സ് അവാർഡ് ഒരിക്കൽക്കൂടി നേടി മഹാത്മാഗാന്ധി സർവകലാശാല. തിരുവനന്തപുരത്ത് രാജ്ഭവനിൽ നടന്ന ചടങ്ങിൽ സംസ്ഥാനത്തെ സർവകലാശാലകളുടെ ചാൻസലർകൂടിയായ ഗവർണർ ആരിഫ് മുഹമ്മദ് ഖാനിൽ നിന്ന് വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ്, പ്രോ വൈസ് ചാൻസലർ പ്രൊഫ. സി.റ്റി. അരവിന്ദകുമാർ എന്നിവർ ചേർന്ന് ബഹുമതി ഏറ്റുവാങ്ങി. മുഖ്യമന്ത്രി പിണറായി വിജയൻ, ഉന്നതവിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ. ആർ. ബിന്ദു, ഉന്നതവിദ്യാഭ്യാസ കൗൺസിൽ വൈസ് ചെയർമാൻ ഡോ. രാജൻ ഗുരുക്കൾ, ഉന്നതവിദ്യാഭ്യാസ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ഡോ. വി. വേണു തുടങ്ങിയവർ അവാർഡ്ദാന ചടങ്ങിൽ പങ്കെടുത്തു. കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയ്ക്കും മഹാത്മാഗാന്ധി സർവകലാശാലയ്ക്കും സംയുക്തമായാണ് ഇത്തവണ അവാർഡ് നൽകിയിട്ടുള്ളത്. സംസ്ഥാന സർക്കാർ ബജറ്റ് വിഹിതമായി അനുവദിച്ചിട്ടുള്ള അഞ്ചുകോടി രൂപയും ട്രോഫിയും പ്രശംസാപത്രവുമാണ് ജേതാക്കളായ സർവകലാശാലകൾക്ക് അവാർഡിലൂടെ ലഭിക്കുക. അക്കാദമിക മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി അവാർഡ് തുക സർവകലാശാലകൾക്ക് വിനിയോഗിക്കാം. മഹാത്മാഗാന്ധി സർവകലാശാലയ്ക്ക് അവാർഡ് വിഹിതമായി 2.5 കോടി രൂപയായിരിക്കും ലഭിക്കുക. നേരത്തെ 2016ലും 2018ലും മഹാത്മാഗാന്ധി സർവകലാശാല ചാൻസലേഴ്സ് അവാർഡ് നേടിയിട്ടുണ്ട്. മുൻ ഗവർണർ ജസ്റ്റിസ് (റിട്ട.) പി. സദാശിവം സർവകലാശാലകളുടെ ചാൻസലർകൂടിയായിരിക്കേ 2015 മുതലാണ് സംസ്ഥാനത്ത് ഈ ബഹുമതി ഏർപ്പെടുത്തിയത്. മഹാത്മാഗാന്ധി സർവകലാശാലയെ പ്രതിനിധീകരിച്ച് സിൻഡിക്കേറ്റംഗങ്ങളായ ഹരികൃഷ്ണൻ പി, ഡോ. ഷാജില ബീഗം എസ്, ഡോ. റോബിനെറ്റ്ജേക്കബ്, ഗവേഷക വിദ്യാർത്ഥി കുമാരി അശ്വനി എന്നിവരും ചടങ്ങിൽ സംബന്ധിച്ചു.

## ഫോട്ടോ ക്യാപ്ഷൻ

**സംസ്ഥാനത്തെ മികച്ച സർവകലാശാലക്കുള്ള 2020ലെ ചാൻസലേഴ്സ് അവാർഡ് രാജ്ഭവനിൽ നടന്ന ചടങ്ങിൽ ഗവർണർ ആരിഫ് മുഹമ്മദ് ഖാനിൽ നിന്ന് മഹാത്മാഗാന്ധി സർവകലാശാല വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഏറ്റുവാങ്ങുന്നു**

(പി.ആർ.ഒ/39/1334/2021)

## അപേക്ഷ ക്ഷണിച്ചു

മഹാത്മാഗാന്ധി സർവകലാശാല ഡിപ്പാർട്ട്മെന്റ് ഓഫ് ലൈഫ്ലോങ് ലേണിംഗ് ആന്റ് എക്സ്റ്റൻഷനിൽ നടക്കുന്ന ഡിപ്ലോമ കോഴ്സ് ഇൻ കൗൺസിലിംഗ്, ഡിപ്ലോമ കോഴ്സ് ഇൻ ഓർഗാനിക് ഫാമിംഗ് എന്നിവയിലേക്ക് അപേക്ഷ ക്ഷണിച്ചു. ഡിപ്ലോമ കോഴ്സ് ഇൻ കൗൺസിലിംഗിന് പ്രീഡിഗ്രി/പ്ലസ്ടു, കൂടാതെ ഈ വകുപ്പിൽ നടത്തുന്ന സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ കൗൺസലിംഗ് പാസായിരിക്കണം. ഡിപ്ലോമ കോഴ്സ് ഇൻ ഓർഗാനിക് ഫാമിംഗിന് പത്താംക്ലാസ് കൂടാതെ ഈ വകുപ്പിൽ നടത്തുന്ന സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ഓർഗാനിക് ഫാർമിംഗ് പാസായിരിക്കണം. അപേക്ഷകർ അസൽ സർട്ടിഫിക്കറ്റുകളും അവയുടെ കോപ്പികളും രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോയും കോഴ്സ് ഫീസുമായി നവംബർ 30നകം പഠനവകുപ്പിൽ എത്തണം. 180 മണിക്കൂറാണ് കോഴ്സ് ദൈർഘ്യം. 8300 രൂപയാണ് ഫീസ്. വിശദവിവരത്തിന് ഫോൺ: 8301000560.

(പി.ആർ.ഒ/39/1335/2021)

**<u>പരീക്ഷഫലം</u>**

2021 ജനുവരിയിൽ നടന്ന മൂന്നാം സെമസ്റ്റർ എം.എസ് സി. ഫാർമസ്യൂട്ടിക്കൽ കെമിസ്ട്രി (സി.എസ്.എസ്. റഗുലർ, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ 26 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/1336/2021)

2020 നവംബറിൽ നടന്ന രണ്ടാം സെമസ്റ്റർ ബി.എ. എൽ.എൽ.ബി. (പഞ്ചവത്സരം) ഇന്റഗ്രേറ്റഡ് ഡിഗ്രി സപ്ലിമെന്ററി (2011 അഡ്മിഷൻ, 2012-2014 അഡ്മിഷൻ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/1337/2021)

**പി.സി. സുരേഷ് കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ